അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടത്തി നികുതി കുടിശ്ശിക പിരിക്കുന്നുണ്ട്.

2. കുടിശ്ശിക പിരിവിൽ കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ വാണിജ്യ നികുതി കമ്മീഷണറേറ്റിൽനിന്നും നേരിട്ട് പരിശോധന നടത്തുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസുകൾ വേഗം തീർപ്പാക്കിക്കിട്ടുന്നതിനായി പ്രത്യേക ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണറുടെ (ലോ) കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

4. നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പ്രത്യേക 'സെറ്റിൽമെന്റ് സ്കീം' കൊണ്ടുവരികയും തൽഫലമായി 23.15 കോടിയുടെ കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു.

എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് പി.ടി.എ. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് വില്പന നികുതി ഒഴിവാക്കാൻ നടപടി

17 [3270] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടെ മേൽനോട്ടത്തിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് സെയിൽസ് ടാക്സും അഡീഷണൽ സെയിൽസ് ടാക്സും ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം;

(ബി) പി.ടി.എ. വിഹിതംകൂടി വിനിയോഗിച്ചു നടത്തുന്ന ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് വില്പന നികുതി ഈടാക്കുന്ന നടപടി ഒഴിവാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 31-3-2005 വരെ കേരള പൊതു വില്പന നികുതി നിയമത്തിലെ വകുപ്പ് 5 (i) പ്രകാരമുള്ള നികുതിയും 15 ശതമാനം അധിക നികുതിയും ബാധകമാക്കിയിരുന്നു. എന്നാൽ മൂല്യവർദ്ധിത നികുതി നിയമപ്രകാരം 1-4-2005 മുതൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണപ്രവൃത്തികൾ ഓരോ കരാർ പണിയും 10 ലക്ഷം രൂപയിൽ അധികരിക്കുന്നില്ലെങ്കിൽ നികുതി 4 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൂല്യവർദ്ധിത നികുതി നിയമപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

തേയിലയുടെ വില്പന നികുതി

18 [3271] *ശ്രീ. തോമസ് ഉണ്ണിയാടൻ:*

" *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കപ്പെട്ട തേയില വിൽക്കപ്പെടുന്നതുവഴി വില്പന നികുതിയിനത്തിൽ കഴിഞ്ഞ മൂന്ന് കൊല്ലക്കാലത്ത് എന്തു തുക ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിച്ചതും അല്ലാത്തതുമായ തേയിലയുടെ വില്പനവഴി കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷക്കാലത്ത് വിൽപ്പന നികുതിവഴി ലഭിച്ച തുക എത്രയെന്ന് അറിയിക്കുമോ;

(സി) വില്പന നികുതി പിരിവ് കാര്യക്ഷമമാക്കുവാനും വില്പന നികുതി ഉദ്യോഗസ്ഥർ വ്യാപാരികളെ അനാവശ്യമായി പീഡിപ്പിക്കാതിരിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) (i) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വില്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നു.

(ii) കുടിശ്ശിക പിരിവ് കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ വാണിജ്യ നികുതി കമ്മീഷണറേറ്റിൽനിന്ന് നേരിട്ട് പരിശോധന നടത്തുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(iii) കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസുകൾ വേഗം തീർപ്പാക്കിക്കിട്ടുന്നതിനായി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണറുടെ (നിയമം) കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly